## പതിമൂന്നാം കേരളനിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3321 — 24.02.2016 ന് മറുപടിയ്ക്ക്.

### ആസ്തി വികസന ഫണ്ട് - റാന്നി നിയോജക മണ്ഡലം

**ചോദ്യം**

ശ്രീ.രാജു എബ്രഹാം

(എ) ആസ്തി വികസന ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി റാന്നി നിയോജക മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികൾക്ക് റാന്നി -ഡി.എഫ്.ഒ., പെരിയാർ ടൈഗർ റിസർവ് മുഖേന പദ്ധതി തയ്യാറാക്കുന്നതിനായി എം.എൽ.എ. നിർദ്ദേശം നൽകിയിട്ടുണ്ട്;

**ഉത്തരം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി)

(എ) റാന്നി നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത നിയോജക മണ്ഡലത്തിൽ പദ്ധതി തയ്യാറാക്കുന്നതിനായി ബഹു. റാന്നി എം.എൽ.എ നിർദ്ദേശം നല്കിയിട്ടുള്ള പദ്ധതികൾ -

i) **റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖേന.**

1) ചിറ്റാർ പഞ്ചായത്തിൽ തെക്കേക്കര വലിയമൺ മുതൽ കൊച്ചുമൺ വരെ 2 കിലോമീറ്റർ സൗരോർജ്ജ വൈദ്യുത വേലി നിർമ്മാണം.
2) വടശ്ശേരിക്കര ഗ്രാമ പഞ്ചായത്തിൽ മണിയാർ ഭാഗത്ത് 2 കിലോമീറ്റർ സൗരോർജ്ജ വൈദ്യുത വേലി നിർമ്മാണം.
3) ചിറ്റാർ ഗ്രാമ പഞ്ചായത്തിൽ കട്ടച്ചിറ മുതൽ നീലിപിലാവ് വരെ 1 കിലോമീറ്റർ സൗരോർജ്ജ വൈദ്യുതവേലി നിർമ്മാണം.
4) വലിയകാവ് പ്രൊപ്പോസ്ഡ് റിസർവ്വിൽപ്പെട്ട മാരംകുളം-നിർമ്മലപുരം-മണ്ണാറത്തറ കരിങ്കുവല റോഡിന്റെ പുനരുദ്ധാരണം
5) ളാഹ സത്രം പുനരുദ്ധാരണം
6) പമ്പയിൽ ഡോർമിറ്ററി നിർമ്മാണം.

ii) **പെരിയാർ ടൈഗർ റിസർവ്വ് വെസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ മുഖേന -**

നീലിമലയിൽ ഒരു ഹെൽപ് ഡെസ്കിന്റെ നിർമ്മാണം.

(ബി) പദ്ധതികളും അവയ്ക്കായി നിർദ്ദേശിക്കപ്പെട്ട തുകയും എത്ര വീതമാണ്; ഇതിൽ ഏതൊക്കെ പദ്ധതികൾക്കാണ് ഭരണ വകുപ്പിൽ നിന്നും അനുമതിയായിട്ടുള്ളത്;

(ബി)

| പദ്ധതി | നിർദ്ദേശിക്കപ്പെട്ട തുക (രൂപ) | ഭരണ വകുപ്പിൽ നിന്നും അനുമതി ആയിട്ടുണ്ടോ |
|---|---|---|
| 1) തെക്കേക്കര വലിയമൺ മുതൽ കൊച്ചുമൺ വരെ 2 കിലോമീറ്റർ സൗരോർജ്ജ വൈദ്യുത വേലി നിർമ്മാണം. | 1,92,000/- | പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല |
| 2) മണിയാർ ഭാഗത്ത് 2 കിലോമീറ്റർ സൗരോർജ്ജ വൈദ്യുത വേലി നിർമ്മാണം. | 1,92,000/- | പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല |
| 3) കട്ടച്ചിറ മുതൽ നീലിപിലാവ് വരെ 1 കിലോമീറ്റർ സൗരോർജ്ജ വൈദ്യുതവേലി നിർമ്മാണം. | 97,000/- | പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല |
| 4) മാരംകുളം-നിർമ്മലപുരം-മണ്ണാറത്തറ കരിശ്ശുകവല റോഡിന്റെ പുനരുദ്ധാരണം | 26,20,000/- | പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല |
| 5) ളാഹ സത്രം പുനരുദ്ധാരണം | 30,00,000/- | പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല |
| 6) പമ്പയിൽ ഡോർമിറ്ററി നിർമ്മാണം | 56,40,000/- | പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല |
| 7) നീലിമലയിൽ ഒരു ഹെൽപ്പ് ഡെസ്കിന്റെ നിർമ്മാണം. | 1,30,00,000/- | ഭരണാനുമതി നല്കിയിട്ടുണ്ട്. |

(സി) ശബരിമല തീർത്ഥാടകർക്ക് പ്രയോജനപ്പെടും വിധം നീലിമലയിൽ എ.ഡി.എഫ്. പദ്ധതിയിൽ നിന്നും നിർമ്മിക്കാൻ ഉദ്ദേശിച്ച ഹെൽപ്പ് ഡസ്കിന്റെ നിർമ്മാണത്തിൽ ഭരണാനുമതി എന്നാണ് ലഭിച്ചത്; ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; എ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റേതെങ്കിലും എം.എൽ.എ.-മാർക്ക് വനംവകുപ്പ് മുഖേന ഇത്തരം ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്ക് എന്ന് വിശദമാക്കുമോ; ഈ പ്രവൃത്തികളുടെ തുക മുൻകൂറായി വനം വകുപ്പിനു നൽകിയിട്ടാണോ ടെൻഡർ ചെയ്തത്; വിശദാംശം നൽകുമോ;

(സി) ഈ പദ്ധതിക്ക് 03.08.2015 ൽ ഭരണാനുമതി നല്കിയിട്ടുണ്ട്. ടി ജോലിക്ക് മുൻകൂർ ഫണ്ട് ലഭിക്കുമെന്ന വിശ്വാസത്തിൽ ടെൻഡർ ചെയ്യുകയും 01.10.2015 തീയതിയിൽ ടെൻഡർ നടത്തുന്നതിന് ഗസറ്റ് നമ്പർ 36-ൽ ടെൻഡർ പരസ്യം ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ ഫണ്ട് യഥാസമയം ലഭ്യമല്ലാതിരുന്നതിനാൽ ടെൻഡർ നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചില്ല. 23.01.2016 ൽ ആണ് പെരിയാർ വെസ്റ്റ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയിലേക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് ഉത്തരവ് നൽകിയത്.

എ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റ് എം.എൽ.എ-മാർക്ക് (2015-16 ൽ) ഭരണാനുമതി ലഭിച്ചതിന്റെ വിശദാംശങ്ങൾ

| എം.എൽ.എ-യുടെ പേര് | ഭരണാനുമതി ലഭിച്ച തീയതി | ഭരണാനുമതി ലഭിച്ച പ്രവർത്തിയുടെ പേര് | പ്രവർത്തിയുടെ തുക മുൻകൂറായി വനം വകുപ്പിന് നല്കിയിട്ടാണോ ടെണ്ടർ ചെയ്തത് |
|---|---|---|---|
| ബഹു. പുനലൂർ എം.എൽ.എ ശ്രീ.കെ.രാജു | 04.06.2015 | തൊടിയിൽ കണ്ടം- ഓലപ്പാറ വലിയ തോടിന് കുറുകെ ചപ്പാത്ത് നിർമ്മാണം | അല്ല. പ്രവർത്തി ടെണ്ടർ നടത്തിയിട്ടില്ല. |
| ബഹു. പുനലൂർ എം.എൽ.എ ശ്രീ.കെ.രാജു | 06.07.2015 | അച്ചൻകോവിൽ -കഴുതുരുട്ടി റോഡിൽ ഫോറസ്റ്റ് ഭാഗം റോഡ് കോൺക്രീറ്റ് ചെയ്യൽ | അല്ല. ഫണ്ട് ലഭ്യമാകാതിരുന്നതിനാൽ ടെണ്ടർ നോട്ടിഫിക്കേഷൻ റദ്ദ് ചെയ്തു. |

(ഡി) അടുത്ത ശബരിമല സീസണ് മുമ്പായി നീലിമലയിൽ ഹെൽപ്പ് ഡെസ്ക് സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ഡി) 2012 ൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഇപ്പോഴത്തെ നിരക്കിൽ ജോലി പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് സമർപ്പിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. മതിയാവാതെ വരുന്ന തുകയ്ക്ക് ഫണ്ട് കണ്ടെത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. അടുത്ത സീസണു മുമ്പ് ടി പ്രവർത്തി പൂർത്തിയാക്കുവാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ